# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1087** **12.07.2016 ൽ മറുപടിയ്ക്ക്**

**കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച**

**ചോദ്യം**

ശ്രീ. എം. രാജഗോപാലൻ

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച നേരിടുന്നതിന് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

നെല്ലിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്നും കേന്ദ്രസർക്കാരിന്റെ വികേന്ദ്രീകരണ നെല്ല് സംഭരണ പദ്ധതിയിലുൾപ്പെടുത്തി നെല്ല് സംഭരണം നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ നെല്ലിന് കിലോക്ക് സംഭരണ വില 21.50 രൂപയാക്കി ഉയർത്തി. കർഷകർക്ക് സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനായി 2016-17 വർഷത്തിൽ ബഡ്ജറ്റിൽ 385 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

നാളികേരത്തിന് ന്യായവില ഉറപ്പ് വരുത്തുന്നതിനു വേണ്ടി കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ച നാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. കൃഷി ഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം നാളികേരം, തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനിൽ നേരിട്ട് നൽകാവുന്നതാണ്. ഒരു കിലോ പച്ച നാളികേരത്തിന് 25 രൂപ എന്ന നിരക്കിലാണ് നിലവിൽ കേരഫെഡ് സംഭരണം നടത്തുന്നത്. കൂടുതൽ കൃഷി ഭവനുകൾ വഴി പച്ചത്തേങ്ങാ സംഭരണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ട് മുഖേന നൽകി വരുന്നു. ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി

500 കോടി രൂപ 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നു. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയാണ്. റബ്ബർ ഉൾപ്പെടെയുള്ള നാണ്യ വിളകളുടെ വിലത്തകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| (ബി) | കാലാവസ്ഥാ വ്യതിയാനം നിമിത്തം കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിളകൾക്ക് ദോഷമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ അതിവൃഷ്ടി, ശക്തമായ കാറ്റ് തുടർച്ചയായ മഴ, വരൾച്ച, രോഗ കീടാക്രമണത്തിന് അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിലും രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത് |

**സെക്ഷൻ ഓഫീസർ**